**QP CODE** **Enrollment Number: ………………**

**A3020** **Name: ………………………………**

# M.A. DEGREE EXAMINATIONS, DECEMBER 2024
## Fourth Semester
## M.A. Malayalam Language and Literature
## M21ML01SC – Content Writing Proficiency in Malayalam
## (2022 admissions)

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം.**

1. പരസ്യത്തിന്റെ ഉത്ഭവചരിത്രത്തിൽ ലേബലിനും ആൽബത്തിനും ഉള്ള പ്രാധാന്യം എന്ത്?
2. 'Advertisement' എന്ന ഇംഗ്ലീഷ് പദത്തിന്റെ അർത്ഥവും അർത്ഥപരിണാമവും വ്യക്തമാക്കുക.
3. ആഗോളവല്കരണ കാലത്തെ ഏറ്റവും സമർഥമായ ആയുധം പരസ്യമാണ് എന്നു പറയുന്നതെന്തുകൊണ്ട്?
4. ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും വിപണി വിജയത്തിന് ആകർഷകമായ ലോഗോയുടെ പ്രസക്തി വ്യക്തമാക്കുക.
5. ബ്ലർബ് തയ്യാറാക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?
6. ബ്ലോഗ്, വ്ളോഗിങ് എന്നീ പദങ്ങളുടെ ഉത്ഭവം വ്യക്തമാക്കുക.
7. "പരസ്യഭാഷ എന്നത് ആശയവിനിമയത്തിന്റെ ഉപാധിമാത്രമല്ല. മറിച്ച് ആശയത്തെ മറച്ചുവയ്ക്കാനും മാറ്റി വിനിമയം ചെയ്യാനുമുള്ള ഉപാധികൂടിയാണ്."- വ്യക്തമാക്കുക.
8. നെയിംബോർഡിൽ ഉണ്ടായിരിക്കേണ്ട അവശ്യ വിവരങ്ങൾ എന്തൊക്കെയാണ്?

**(2X5=10)**

## സെക്ഷൻ ബി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. ഫ്രഞ്ച് സൈദ്ധാന്തികനായ ഗൈ ഡിബോർഡ് (Guy Debord) ഉപഭോക്തൃസമൂഹത്തെ കാഴ്ചകളുടെ സമൂഹം (The Society of Spectacle) എന്നുവിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?
10. പുറം വാതിൽ പരസ്യങ്ങളുടെ രീതിയും സ്വഭാവവും വിശദീകരിക്കുക.

11. നിങ്ങളുടെ നാട്ടിലെ വായനശാലയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന നാടകോത്സവത്തിൽ പങ്കെടുക്കാൻ നാട്ടുകാരെ ക്ഷണിക്കുന്ന ക്ഷണക്കത്ത് തയ്യാറാക്കി ക്ഷണക്കത്തിന്റെ ഘടന, ഭാഷ തുടങ്ങിയവ വിശദീകരിക്കുക.
12. പത്രത്തിലെ മുഖപ്രസംഗം എഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വ്യക്തമാക്കി മുഖപ്രസംഗം പത്രത്തെ സംബന്ധിച്ചിടത്തോളം എന്തുകൊണ്ട് പ്രധാനമാകുന്നുവെന്ന് വ്യക്തമാക്കുക.
13. വാർത്തയ്ക്ക് ശീർഷകം കൊടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിവരിക്കുക.
14. ലീഡ് എഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വ്യക്തമാക്കുക.
15. അന്വേഷണാത്മക പത്രപ്രവർത്തനം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
16. റേഡിയോക്കു വേണ്ടി പരിപാടി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?
17. "ഫലപ്രദമായ ബ്ലോഗ് എഴുത്ത് സൂക്ഷ്മമായ ആസൂത്രണത്തെ ആശ്രയിച്ചിരിക്കുന്നു."- വ്യക്തമാക്കുക.
18. "ഡിജിറ്റൽ യുഗത്തിൽ, സോഷ്യൽ മീഡിയ ഉള്ളടക്കത്തിന്റെ വ്യാപനവും ഫലപ്രാപ്തിയും വർധിപ്പിക്കുന്നതിൽ ഹാഷ്ടാഗുകളും കീവേഡുകളും നിർണായകപങ്ക് വഹിക്കുന്നു." - വിലയിരുത്തുക.

**(5X6=30)**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം.**

19. തിരുവനന്തപുരത്തെ അന്താരാഷ്ട്ര ചലച്ചിത്രോത്സവം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തതിന്റെ പത്രവാർത്ത തയ്യാറാക്കി വാർത്തയുടെ ഘടന, ഭാഷ എന്നിവ വിശദമാക്കുക.
20. റേഡിയോ ജോക്കിയുടെ അഥവാ വീഡിയോ ജോക്കിയുടെ ഭാഷാസവിശേഷതകൾ വിശദീകരിക്കുക.
21. "സോഷ്യൽ മീഡിയ ഇരുതല മൂർച്ചയുള്ള വാളാണ്. അതിനാൽ വിവേകപൂർവം ഈ മാധ്യമത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്." – വിലയിരുത്തുക.
22. ഫെയ്സ്ബുക്ക്. ഇൻസ്റ്റാഗ്രാം. ട്വിറ്റർ. ലിങ്ക്ഡ് ഇൻ തുടങ്ങിയ സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകളെ വ്യതിരിക്തമാക്കുന്ന സവിശേഷതകൾ എന്തെല്ലാം?

**(15X2=30)**